

# പ്രേമാശ്രമം

## ശ്രീപാർവ്വതി

പതിനെട്ടുകാരിയായ മകൾ സോയയുടെ നിർബന്ധത്താൽ
ഒരുകൂട്ടം സ്ത്രീകൾക്കൊപ്പം യാത്ര പോയതാണ് യമ.
മനോഹരമായൊരു നഗരത്തിൽവച്ച് യമയും ആര്യനും
പരസ്പരം കാണുകയാണ്. രണ്ടുപേര് തമ്മിലുള്ള
ബന്ധങ്ങൾക്ക് പേരുകൾ ഇല്ലെന്ന് പറയുന്നിടത്തോളം
അബദ്ധം മറ്റൊന്നുമില്ലെന്ന് അവർ കണ്ടെത്തുന്നു.
ഒന്നുകിൽ അത് മനസ്സിനോട്, അല്ലെങ്കിൽ ഉടലിനോട്
അതുമല്ലെങ്കിൽ ആത്മാവിനോട്...
ഉടൽ തൊടുന്നവർ ആത്മാവിന്റെ ഭാഷയറിയുന്നവർ
കൂടിയായാലോ? ആദിയിൽ ഒരാത്മാവ് ആയിരുന്നവർ
പരസ്പരം വേർപിരിഞ്ഞുപോയി.
അത് കണ്ടെത്തുന്നതാണെങ്കിലോ?
ആര്യനും യമയും ആ യാത്രയിലാണ്...

ഡി സി ബുക്സ്
www.dcbooks.com
നോവൽ
കവർ ഡിസൈൻ
ശ്യാം ഷാജി
ISBN 978-93-6487-039-9
₹ 250
E-book Available

പ്രേമാശ്രമം • ശ്രീപാർവ്വതി



2572

# പ്രേമാശ്രമം

## കെ എൽ എഫ്, കേരളസംസ്കാരം

1957-ൽ കോട്ടയത്ത് നടന്ന അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യപരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരികവളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തകങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെമുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകരുന്ന, കേരളത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തിലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ
സാഹിത്യവർത്തമാനങ്ങൾ... dcink.in

ശ്രീപാർവ്വതി

എഴുത്തുകാരി. സ്വതന്ത്ര മാധ്യമപ്രവർത്തക. *പ്രണയപ്പാതി* (പ്രണയക്കുറിപ്പുകൾ), *മീനുകൾ ചുംബിക്കുന്നു, മിസ്റ്റിക് മൗണ്ടൻ, നായിക അഗത ക്രിസ്റ്റി* (നോവൽ), *നക്ഷത്രങ്ങളുടെ പുസ്തകം* (അഭിമുഖം) എന്നിവയാണ് പുസ്തകങ്ങൾ.

ശ്രീപാർവ്വതിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ:
***നോവൽ:*** പോയട്രി കില്ലർ, ലില്ലി ബെർണാഡ്, മാതവി, പ്രേമാശ്രമം.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
നോവൽ വിഭാഗത്തിലെ പുസ്തകങ്ങൾക്കായി
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# പ്രേമാശ്രമം

## ശ്രീപാർവ്വതി

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Premāsramam

NOVEL
*by* Sreeparvathy
Rights Reserved
First Published February 2025
This edition- June 2025

P-ISBN: 978-93-6487-039-9

E-ISBN: 978-93-6487-179-2

Distributors: D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sreeparvathy
Premasramam/ Sreeparvathy
192 p., 21 cm.
ISBN 978-93-6487-039-9.
1. Malayalam novel. I. Title.
894.812 3-dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216
D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

356/25-26-Sl.No. 28344-dcb 9054-(5)-1000-5604-06-25-hn 60-T4-e dd-d (t) sp

# ആമുഖം

പ്രണയത്തിന്റെ ഭാഷയെന്താണ് എന്നു ചോദിച്ചാൽ പ്രപഞ്ചത്തിന്റെ ഭാഷയെന്നേ പറയാനുള്ളൂ. എത്രകോടി മനുഷ്യർ! അവരുടെയൊക്കെ പലതരം ചിന്തകൾ, സ്നേഹങ്ങൾ കൈമാറുന്ന രീതികൾ, ഓരോന്നും വ്യത്യസ്തമാണ് എന്നുവേണം കരുതാൻ. അതുകൊണ്ടാണ് ഒരാളെ നഷ്ടപ്പെട്ടുകഴിഞ്ഞാൽ അയാളെപ്പോലെയൊരാളെ മറ്റെവിടെയും കണ്ടുകിട്ടാത്തത്.

'പ്രേമാശ്രമം' പ്രണയത്തിന്റെ സാർവ്വലൗകികമായ ഭാഷയിലാണ് എഴുതാൻ ശ്രമിച്ചിട്ടുള്ളത്. ഒരു മനുഷ്യൻ പ്രണയിക്കപ്പെടുമ്പോൾ അയാൾ നിഗൂഢമായ ഏതോ ഒരു ശലഭക്കൂട്ടിലേക്ക് എത്തിപ്പെടുന്നു. അവിടെനിന്നും അയാൾ പ്യൂപ്പയായി മാറുകയും വീണ്ടും കൂട് പൊട്ടി ചിറകുകൾ ഇളക്കി സ്വയം ആകാശത്തേക്കു പറന്നുയരാൻ ശ്രമിക്കുകയും ചെയ്യും. അങ്ങുയരെ എത്തുമ്പോഴാണ് കണ്ടെത്തുക, ഞാനിത്രയും ദൂരം പറന്നുവോ?

എന്നെക്കൊണ്ട് അതിനു സാധിക്കുമായിരുന്നോ?

പ്രണയിക്കുമ്പോൾ ആദ്യം കണ്ടെത്തുന്നത് അവനവനെത്തന്നെയാകുന്നു. കാലങ്ങൾ സ്വയം മറന്നുപോയ മനുഷ്യർ ഒരു ദീർഘമായ നിദ്രവിട്ടുണരുന്നതുപോലെ ആദ്യമൊന്നു പകയ്ക്കും, പിന്നെ സ്വയം കണ്ടെത്തിയ ആനന്ദത്തിൽ പ്രണയത്തെ അഭിമാനത്തോടെ നെഞ്ചോടു ചേർക്കും. അതുകൊ

ണ്ടാണ് ഓഷോ പറയുന്നത്, പ്രണയം ആനന്ദമാണെന്ന്. ഇത്തരമൊരു കണ്ടെത്തൽ നിങ്ങൾക്ക് നടത്താനാവുന്നില്ലെങ്കിൽ മനസ്സിലാക്കുക, നിങ്ങൾ ഇനിയും ഒരുപാട് സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ദൂരങ്ങൾ ബാക്കികിടക്കുന്നു. നിങ്ങളെ സ്വയം പ്രണയിക്കാൻ പഠിപ്പിക്കുന്ന ഒരുവനെ/ഒരുവളെ കണ്ടെത്താൻ ഇനിയും സഞ്ചരിക്കുക. കാരണം, നിങ്ങൾ അന്വേഷിക്കുന്നതെന്തോ അത് നിങ്ങളെയും തിരയുന്നുണ്ട്!

‘പ്രേമാശ്രമം’ യമയുടെയും ആര്യന്റെയും പ്രണയത്തിന്റെയും ആത്മാവിന്റെ പാതിയെ കണ്ടെത്തലിന്റെയും കഥയാണ്. Soulmate, twin flame എന്നീ പദങ്ങൾ ഞാൻ വിശദീകരിക്കാൻ സാഹസപ്പെടുന്നില്ല. നഷ്ടപ്പെട്ട ആത്മപാതിയെ കണ്ടെത്തേണ്ടത് നിങ്ങൾ ഓരോരുത്തരുമാണല്ലോ...

ആശംസകൾ!

വായനയിൽ കൂടെ കൂടിയ പ്രിയപ്പെട്ട ഒരുപാട് പേരുണ്ട്.

പാതി എഴുതിവച്ച ഈ നോവൽ പൂർണമാക്കാൻ ധൈര്യം തന്ന ബിനീഷ് പുതുപ്പണം, അദ്ദേഹത്തിന്റെ നോവൽ ‘പ്രേമനഗരം’.

അഗത കുര്യൻ, സന്ദീപ് സത്യൻ, വിമൽ വിജയ്, റിഹാൻ റാഷിദ്, സന്ധ്യച്ചേച്ചി (സന്ധ്യ രാഘവൻ), അനുപമ ആചാരി, ജസ്റ്റിൻ, ഉണ്ണി മാക്സ്, കവർ ചെയ്തുതന്ന ഹരിൺ പുന്നപ്ര, ശ്യാം ഷാജി, എല്ലാവർക്കും ഹൃദയം നിറച്ചും സ്നേഹം.

എന്നും എപ്പോഴും കൂടെനിൽക്കുന്ന ഡി സി ബുക്സിലെ പ്രിയപ്പെട്ടവർക്ക്...

പുസ്തകം വായിച്ചു ഹൃദയത്തിൽ കൊണ്ടതും തൊട്ടതും തൊടാത്തതും അബദ്ധങ്ങളും എല്ലാം ചൂണ്ടിക്കാട്ടുന്ന പ്രിയപ്പെട്ട വായനക്കാർക്ക്,

ഒരു മടിയും കൂടാതെ അത് സന്ദേശമാക്കി അയയ്ക്കുന്നവർക്ക്, കുറിപ്പുകൾ എഴുതുന്നവർക്ക്,

ലോകം മുഴുവനുമുള്ള പ്രണയികൾക്ക്,

എല്ലാത്തിലും ഉപരിയായി മഹാപ്രപഞ്ചത്തിന് നന്ദി!

# പ്രേമാശ്രമം